**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:4687** **28.6.2013- ൽ മറുപടിക്ക്**

## കൃഷി അസിസ്റ്റന്റുമാർക്ക് സ്ഥാനക്കയറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം മുഖേന കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനായി നടത്തിയ സ്യൂട്ടബിലിറ്റി ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) കൃഷി അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം മുഖേന കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനായി നടത്തിയ സ്യൂട്ടബിലിറ്റി ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല. അർഹത നിർണ്ണയ പരീക്ഷ നടത്തി എലിജിബിലിറ്റി ലിസ്റ്റ് അടിയന്തിരമായി അയച്ചു തരുവാൻ കൃഷി ഡയറക്ടർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) നിലവിൽ ഈ ഇനത്തിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും ആകെ എത്ര ഒഴിവുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ? | (ബി) സ്യൂട്ടബിലിറ്റി ടെസ്റ്റ് പാസ്സായി വരുന്ന കൃഷി അസിസ്റ്റന്റുമാർക്ക് ബൈട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് മുഖേന കൃഷി ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനായി നീക്കി വച്ചിട്ടുള്ള 13% ക്വാട്ടയിൽ ആകെ 35 ഒഴിവുകളാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ